നമ്പർ: സി.ജി(2)43910/08

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 17.04.2009

# സർക്കുലർ നമ്പർ 14/09

വിഷയം:- സഹകരണവകുപ്പ് - കർഷക കടാശ്വാസ കമ്മീഷൻ - സംഘങ്ങൾ/ബാങ്കുകൾ വിവരങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന:- കേരള കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 16.03.2009 ലെ പി.എ.1/34/07കെഎഫ്ഡിആർസി/നമ്പർ കത്ത്.

കേരള കർഷക കടാശ്വാസ കമ്മീഷനിൽ കർഷകർ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് ടിയാൻമാരുടെ വായ്പകളെ സംബന്ധിക്കുന്ന വിവരങ്ങൾ നൽകുവാൻ ബന്ധപ്പെട്ട സംഘങ്ങളോട്/ബാങ്കുകളോട് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ആയവ സമയബന്ധിതമായി സമർപ്പിക്കുന്നതിന് ടി സംഘങ്ങൾ/ബാങ്കുകൾ താല്പര്യം കാണിക്കുന്നില്ല എന്നും, തന്നിമിത്തം അപേക്ഷകൾ വേഗം തീർപ്പാക്കുന്നതിന് കഴിയാതിരിക്കുകയും അർഹരായ കർഷകർക്ക് കടാശ്വാസം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും ചെയ്യുന്നതായും സൂചന പ്രകാരം കമ്മീഷൻ ഈ കാര്യാലയത്തെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി വിഷയം സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കടാശ്വാസത്തിനായി കർഷകർക്ക് കേരള കർഷക കടാശ്വാസ കമ്മീഷനിൽ 31.05.2009 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകളിൽ ഓരോന്നിലും കമ്മീഷന് ഉചിതമായ തീരുമാനമെടുക്കുന്നതിന് ടി അപേക്ഷകളിൽ പരാമർശിച്ചിരിക്കുന്ന ഓരോ വായ്പകളെയും സംബന്ധിക്കുന്ന വിവരങ്ങൾ കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുന്ന നിശ്ചിത ഫാറത്തിൽ നിശ്ചിത ദിവസത്തിനകം ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ/ബാങ്കുകൾ സമയബന്ധിതമായി തന്നെ കമ്മീഷന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. വായ്പാവിവരങ്ങൾ യഥാസമയം കമ്മീഷനു നല്കാത്തതു കാരണം അർഹരായ കർഷകർക്ക് ആനുകൂല്യം നഷ്ടമാകാൻ ഇടയാക്കരുതെന്നും നിർദ്ദേശിക്കുന്നു. ടി നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളുടെയും/ബാങ്കുകളുടേയും ശ്രദ്ധയിൽ അടിയന്തിരമായി കൊണ്ടുവരേണ്ടതാണ്.

ഒപ്പ്,
കെ.വി. സുരേഷ്ബാബു,
സഹകരണസംഘം രജിസ്ട്രാറുടെ -
ചുമതല വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

1) മാനേജിംഗ് ഡയറക്ടർ,
   സംസ്ഥാന സഹകരണ ബാങ്ക്/സംസ്ഥാന സഹകരണ-
   കാർഷിക ഗ്രാമവികസന ബാങ്ക്.
2) ജനറൽ മാനേജർ - എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
3) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ & ആഡിറ്റ്)മാർക്കും.
4) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്)മാർക്കും(ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
5) എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും/ബാങ്കുകളും
   അർബൻ സഹകരണ ബാങ്കുകൾ, മറ്റു സൊസൈറ്റികൾ/(ജോയിന്റ് രജിസ്ട്രാർ മുഖേന)
6) സെക്രട്ടറി - കേരള കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം.
7) സെക്രട്ടറി - സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
8) എഡിറ്റർ - സഹകരണവീഥി/സഹകരണ ജേർണൽ (പ്രസിദ്ധീകരണത്തിന്)
9) ഈ ആഫീസിലെ എല്ലാ ഓഫീസർമാർക്കും.
10) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//
(ഒപ്പ്)
ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)